പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1345 02.05.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. യുടെ നവീകരണത്തിന് പുതിയ പദ്ധതികൾ**

ചോദ്യം

ശ്രീ. പാറക്കൽ അബ്ദുല്ല

ഉത്തരം

തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ നവീകരണത്തിന് എന്തെങ്കിലും പുതിയ പദ്ധതികൾ കണ്ടെത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പരിസ്ഥിതി സൗഹൃദ വാതകം ഇന്ധമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും, വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ തുടങ്ങിയവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ |

| | | | |
|---|---|---|---|
| | | | അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 01.02.2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധ വത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രി കാലങ്ങളിലാണ് നടത്തിവരുന്നത്. തൻമൂലം ഓഫ് റോഡ് നിരക്ക് കുറഞ്ഞിട്ടുണ്ട്. കറൻസിരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിൽ രണ്ട് പിങ്ക് ബസുകൾ (സ്ത്രീകൾക്കു മാത്രം) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.<br><br>സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതും മൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പതിനായിരം രൂപയ്ക്ക് താഴെ പ്രതിദിന വരുമാനമുള്ള ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുനഃക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസുകളും, സൂപ്പർ ഡീലക്സ് എയർ ബസുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ സൂപ്പർ ക്ലാസ് ശ്രേണിയിലും മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഉടൻ തന്നെ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നതാണ്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊൽക്കത്ത ഐ. ഐ. എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ പുനസംഘടന ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | സർക്കാരും പൊതുജനങ്ങളും ചേർന്ന് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കെ.എസ്.ആർ.ടി.സി.യെ നവീകരിക്കുന്ന കാര്യം പരിശോധിക്കുമോ; | (ബി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | ഇല്ലെങ്കിൽ, കെ.എസ്.ആർ.ടി.സി.യെ മൂന്നു മേഖലകളാക്കി തിരിച്ച് ഓരോ മേഖലയേയും ഓരോ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ചുമതലയിൽ പുന:ക്രമീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ പ്രാഥമിക നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**